.0

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2853        18.06.2019 -ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിൽ അഴിമതി കുറയ്ക്കുന്നതിന് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; ഇത് അഴിമതിയും ക്രമക്കേടും കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ "പുതിയകാലം, പുതിയ നിർമ്മാണം" എന്ന കാഴ്ചപ്പാടിനനുസരിച്ചാണ് പരിഷ്കാരങ്ങൾ നടപ്പിലാക്കിയിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിൽ ടെണ്ടർ നടപടികൾ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുകയും പ്രവൃത്തികളുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിനായി തിരുവനന്തപുരം, എറണാകുളം , കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റു ജില്ലകളിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചു വരുന്നു. I tier, IInd tier ടെസ്റ്റുകൾ വകുപ്പിൽ നടപ്പാക്കിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ ലാബുകളിൽ നിന്നുള്ള ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പ്രവർത്തികളുടെ പേയ്മെന്റ് നൽകുന്നതിൽ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ സോഷ്യൽ ഓഡിറ്റിംഗും 5 കോടിയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും വകുപ്പിൽ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ അഴിമതിയും ക്രമക്കേടും ക്രമാതീതമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ബി) | മോശപ്പെട്ട കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതും റിവൈസ്ഡ് എസ്റ്റിമേറ്റുകൾ നിരുത്സാഹപ്പെടുത്തിയതും നിർമ്മാണപ്രവൃത്തികളുടെ ഗുണനിലവാരം വർദ്ധിക്കുവാൻ കാരണമായിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡുകളുടെ നിർമ്മാണ പ്രവൃത്തിയിൽ വീഴ്ച വരുത്തിയ എഞ്ചിനീയർ മാർക്കെതിരെ നടപടി സ്വീകരിച്ചിരുന്നോ; ഏതൊക്കെ റോഡുകളുടെ നിർമ്മാണ ത്തിലുണ്ടായ പ്രശ്നങ്ങളുടെ പേരിലാണ് നടപടി സ്വീകരിച്ചത് എന്നറിയിക്കാമോ? | (സി) | സ്വീകരിച്ചിരുന്നു.<br>എഞ്ചിനീയർമാരുൾപ്പടെ 100 ൽ പരം ജീവനക്കാർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു. റോഡുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. തിരുവനന്തപുരം ജില്ലയിലെ വെള്ളയമ്പലം - തൈക്കാട് ഫ്ളൈ ഓവർ റോഡ് കിമീ 2/868 - 3/486.
2. തിരുവനന്തപുരം ജില്ലയിലെ അമ്പലമുക്ക് - മുട്ടട റോഡ്.
3. തിരുവനന്തപുരം ജില്ലയിലെ ഇഞ്ചിഞ്ചിയം - പൂവത്തൂർ - ചേന്തിപൂർ റോഡ്
4. തിരുവനന്തപുരം ജില്ലയിലെ കരമന - പൂജപ്പുര - മലയിൻകീഴ് - കാട്ടാക്കട - മണ്ഡപത്തിൻകടവ്, പത്തനംതിട്ട ജില്ലയിലെ കടമ്പനാട് - മണ്ണടി - ഏനാത്ത് - ഏഴംകുളം റോഡ്.
5. കോട്ടയം ജില്ലയിലെ പാലക്കര - നീഴൂർ - മരങ്ങോലി റോഡ്.
6. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ചുരം എൻ.എച്ച് റോഡ്.
7. വയനാട് ജില്ലയിലെ മാനന്തവാടി - പക്രതളം റോഡ്.
8. കോഴിക്കോട് ജില്ലയിലെ മാവൂർ - ഇരഞ്ഞിമക്കൾ റോഡ്.
9. വയനാട് ജില്ലയിലെ ചെന്നലോട് - മുണ്ടക്കുറ്റി - ചേര്യാൻകൊല്ലി - വയനാട് റോഡ്.
10. വയനാട് ജില്ലയിലെ മാനന്തവാടി - വിമലനഗർ - പെരിയ റോഡ്.
11. പത്തനംതിട്ട കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ തട്ടാക്കുടി പത്തേക്കർ റോഡ്.
12. കാസർഗോഡ് ജില്ലയിലെ മുള്ളേരിയ - ആട്ടക്കുളം - കുമ്പള റോഡ്.
13. ഇടുക്കി ജില്ലയിലെ വാരാപ്പുഴ - കലൂർ റോഡ്.
14. കാസർഗോഡ് ജില്ലയിലെ ഉപ്പള - കന്യാന റോഡ്.
15. ഇടുക്കി ജില്ലയിലെ കലയംതാനി - പറമ്പുകാട്ടുമല റോഡ്.
16. ഇടുക്കി ജില്ലയിലെ ഇടുക്കി - നാലുമുക്ക് റോഡ്.
17. കാസർഗോഡ് ജില്ലയിലെ ബെദിയടുക്ക - മഞ്ചേശ്വരം റോഡ്
18. ഇടുക്കി ജില്ലയിലെ തൊടുപുഴ - പുളിയൻമല റോഡ്.
19. മലപ്പുറം ജില്ലയിലെ പുള്ളിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ്.
20. മലപ്പുറം ജില്ലയിലെ നിലമ്പൂർ വഴിക്കടവ് സംസ്ഥാന ഹൈവേയുടെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം.
21. പാലക്കാട് ജില്ലയിലെ ഗവൺമെന്റ് വിക്ടോറിയ കോളേജ് ജംഗ്ഷൻ മുതൽ സായി ഹോസ്പിറ്റൽ ജംഗ്ഷൻ വരെയുള്ള റോഡ്.
22. കണ്ണൂർ ജില്ലയിലെ കണ്ണവം - ഉടുമ്പ - തൃക്കരിപ്പൊയിൽ റോഡ്.
23. കണ്ണൂർ ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിലെ രയറോം - ബിമ്പുക്കാട് റോഡ്.
24. കണ്ണൂർ ജില്ലയിലെ ശിവപുരം പേരാവൂർ റോഡ്.
25. ആലപ്പുഴ ജില്ലയിലെ കരിനാട്ടുവല - കൈനാടി റോഡ്.
26. കൊല്ലം ജില്ല - ശാസ്താംകോട്ട- കൊട്ടാരക്കര - നീലേശ്വരം - കോടതി സമുച്ചയം റോഡ്
27. ചെങ്ങമനാട് - അഞ്ചൽ റോഡ്

സെക്ഷൻ ഓഫീസർ